# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 509 07.01.2014- ൽ മറുപടിക്ക്**

**നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കൈത്തറി നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു (5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)<br>4.വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>5. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു.<br>6.ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.<br>7.കൈത്തറി നെയ്ത്തുകാർക്ക് കഴിന്നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. |

8.കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

9.കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

10. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.

11.കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗികയന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

12. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

13.അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

14.ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

15.ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധതൊഴിലാളികളെയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദനപരിപാടി നടപ്പിലാക്കുന്നു.

16.കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ പുനരുദ്ധാരണപുനരാവിഷ്കൃത പാക്കേജ് നടപ്പിലാക്കുന്നു. ഇതിലൂടെ കൈത്തറി തൊഴിലാളികൾ നെയ്ത്തിനു വേണ്ടി എടുത്ത 100% വായ്പയും 25% പലിശയും ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകി കൈത്തറി മേഖലയെ

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കുന്നു. 80:20 അനുപാതത്തിൽ കേന്ദ്രസംസ്ഥാനസർക്കാർ വിഹിതത്തോടു കൂടി പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ബി) | കാസർകോട് ജില്ലയിൽ എത്ര നെയ്ത്ത് സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും റിബേറ്റിനത്തിൽ എന്ത് കുടിശ്ശികയാണ് സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ 7 സംഘങ്ങൾ പ്രവർത്തിക്കുന്നു. 2010 ഡിസംബർ മുതലുള്ള കൈത്തറി റിബേറ്റ് തുക നൽകാൻ ഉണ്ട്. |
| (സി) | റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റിബേറ്റ് തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ